**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1109 11/02/2016 ൽ മറുപടിക്ക്**

**ഇടുക്കി നിയോജക മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

**ചോദ്യം**

ശ്രീ.റോഷി അഗസ്റ്റിൻ

എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുതകുന്ന എന്തെല്ലാം കാര്യങ്ങൾ ഇടുക്കി നിയോജക മണ്ഡലത്തിൽ നടപ്പിൽ വരുത്തിയെന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

ശ്രീ: പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**ഹൈസ്കൂൾ വിഭാഗം**

(എ) സർക്കാർ സ്കൂളുകളെ അന്താരാരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള പദ്ധതി പ്രകാരം ഇടുക്കി ജില്ലയിലെ സ്കൂളുകളിൽ യൂറിനൽ/ടോയിലറ്റ് നിർമ്മിക്കുന്നതിന് 7,20,000/-രൂപ അനുവദിച്ചിരുന്നു. ഇതിൽ ഇടുക്കി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട വാഴവര ഗവ.ഹൈസ്കൂളിൽ 1,60,000/- രൂപ ചെലവഴിച്ച് ടോയിലറ്റുകൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ എസ്.എസ്.എ മുഖേന ഇടുക്കി നിയോജക മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 49,80,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.

**ഹയർ സെക്കന്ററി വിഭാഗം**

2011-12 സാമ്പത്തിക വർഷം ഇടുക്കി നിയോജക മണ്ഡലത്തിലെ 2 ഗവ.ഹയർ സെക്കന്ററി സ്കൂളുകളിൽ ടോയിലറ്റ്, കുടിവെള്ള സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനായി 13,65,000/- രൂപ ഇടുക്കി ജില്ലാ പഞ്ചായത്തിന് കൈമാറുകയും രണ്ട് ഗവ.ഹയർ സെക്കന്ററി സ്കൂളുകൾക്ക് ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനായി 4,25,000/- രൂപ (3,50,000+75,000) രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2012-13 സാമ്പത്തിക വർഷം ഇടുക്കി നിയോജക മണ്ഡലത്തിലെ 4 ഗവ.ഹയർ സെക്കന്ററി സ്കൂളുകളിൽ ടോയിലറ്റ് നിർമ്മിക്കുന്നതിനായി 20 ലക്ഷം രൂപയും 5 ഗവ. ഹയർ സെക്കന്ററി സ്കൂളുകളിൽ ഗേൾസ് ഫ്രണ്ട്ലി ടോയിലറ്റ്, ബോയ്സ് ടോയിലറ്റ് എന്നിവയുടെ നിർമ്മാണത്തിനായും യൂറിനൽ, കുടിവെള്ള സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനായും 10 ലക്ഷം രൂപയും ഇടുക്കി ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

2013-14 സാമ്പത്തിക വർഷം ഒരു ഗവ.ഹയർ സെക്കന്ററി സ്കൂളിൽ (ഗവ.എച്ച്.എസ്.എസ് കുടയത്തൂർ) ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനായി 305 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഗവ.ഹയർ സെക്കന്ററി സ്കൂളിൽ (ഗവ. ട്രൈബൽ എച്ച്.എസ്.എസ് മുരിക്കാട്ടുകുടി) ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനായി 75 ലക്ഷം രൂപയുടെയും NABARD-RIDF XX ൽ ഉൾപ്പെടുത്തി ഒരു ഗവ.ഹയർ സെക്കന്ററി സ്കൂളിൽ (ഗവ.എച്ച്.എസ്.എസ് കട്ടപ്പന) ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനായി 202 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

**തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി വിഭാഗം**

1.**ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ മണിയാറൻകുടി**

ടോയിലറ്റ് നിർമ്മിക്കുന്നതിനും കുടിവെള്ള സൗകര്യം ഒരുക്കുന്നതിനും .പ്രിൻസിപ്പൽ റൂം നവീകരിക്കുന്നതിനും ഫർണ്ണീച്ചർ വാങ്ങുന്നതിനും തുക അനുവദിച്ചിട്ടുണ്ട്.

**2.ഗവണ്മെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി വാഴത്തോപ്പ്.**

സ്കൂളിൽ 2012-13 സാമ്പത്തിക വർഷത്തിന്റെ അവസാനം ടോയിലറ്റ് നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

3.**ഗവ.വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ, മൂലമറ്റം**

എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടും പഞ്ചായത്ത് ഫണ്ടും ഉപയോഗിച്ച് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

ബി) ഇടുക്കി നിയോജക മണ്ഡലത്തിൽ നിർമ്മിച്ച കെട്ടിടങ്ങളുടെയും ആയതിലേക്ക് ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ബി)

**ഹൈസ്കൂൾ വിഭാഗം**

ഇടുക്കി നിയോജക മണ്ഡലത്തിൽ താഴെ കൊടുക്കുന്ന സ്കൂളുകളുടെ കെട്ടിടനിർമ്മാണത്തിൽ ആർ.എം.എസ്.എ പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| **സ്കൂളിന്റെ പേര്** | **ചെലവഴിച്ച തുക** |
|---|---|
| 1. ജി.എച്ച്.എസ്.തങ്കമണി | 41,75,455/- |
| 2. ജി.എച്ച്.എസ് വാഴവര | 50,40,963/- |
| 3. ജി.എച്ച്.എസ് പഴയരിക്കണ്ടം | 41,21,409/- |
| 4. ജി.എച്ച്.എസ്. മുനിയറ | 67,36,035/- |
| 5. എം.ജി.ഇ.എം.എസ് ശാന്തിഗ്രാം | 20,00,000/- |
| ആകെ | 2,20,73,862/- |

**ഹയർ സെക്കന്ററി വിഭാഗം**

2013-14 സാമ്പത്തിക വർഷം ഒരു ഗവ.ഹയർ സെക്കന്ററി സ്കൂളിൽ (ഗവ.എച്ച്.എസ്.എസ് കുടയത്തൂർ) ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനായി 305 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഗവ.ഹയർ സെക്കന്ററി സ്കൂളിൽ (ഗവ. ട്രൈബൽ എച്ച്.എസ്.എസ് മുരിക്കാട്ടുകുടി) ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനായി 75 ലക്ഷം രൂപയുടെയും NABZRD-RIDF XX ഉൾപ്പെടുത്തി ഒരു ഗവ.ഹയർ സെക്കന്ററി സ്കൂളിൽ (ഗവ.എച്ച്.എസ്.എസ് കട്ടപ്പന) ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനായി 202 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

തൊഴിലധിഷ്ഠിത വിഭാഗം

**1.ഗവണ്മെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി വാഴത്തോപ്പ്**

ടോയിലറ്റ് നിർമ്മാണം -1,70,000/-

കെട്ടിടനിർമ്മാണത്തിനായി ശ്രീ.റോഷി അഗസ്റ്റിൻ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**2.ഗവ.വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ, മൂലമറ്റം**

സംസ്ഥാന നിർമ്മിതി കേന്ദ്രം വഴി വി.എച്ച്എസ്.ഇ വിഭാഗത്തിനായി നിർമ്മിക്കുന്ന ഇരുനില കെട്ടിടത്തിന് ബഹു.ഇടുക്കി എം.എൽഎ ശ്രീ.റോഷി അഗസ്റ്റിന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും 75 ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് ഫണ്ടായ 25 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ